"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം - ഫൈനൽ ബിൽ തുകയായ 27,08,282/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി എട്ടായിരത്തി ഇരുനൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2/2026/TRANS തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 380/2017/ഗതാ തീയതി 18.08.2017.

2. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ 12.08.2025-ലെ AB6/011678/14 നമ്പർ കത്ത്.

**ഉത്തരവ്**

കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് കോന്നി മുൻ എം.എൽ.എ. ശ്രീ. അടൂർ പ്രകാശിന്റെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത നിർമ്മാണത്തിന്റെ മൂന്നാം പാർട്ട് ബിൽ തുകയായി 51,10,178/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. 75% വർക്ക് പൂർത്തിയാക്കിയ ശേഷം വർക്കിൽ തടസ്സം നേരിടുകയും കരാറുകാരൻ വർക്ക് നിർത്തിവയ്ക്കുകയും തുടർന്ന് കെ.എസ്.ആർ.ടി.സി ചെയ്ത വർക്കിന്റെ Revised estimate സമർപ്പിക്കുകയും (Rs. 1,93,92,476.84/-) ടി Revised estimate-ന് 14.03.2023-ൽ അനുമതി നൽകുകയും ചെയ്തു. തുടർന്ന് കരാറുകാരന് ഫൈനൽ ബിൽ നൽകുന്നതിനു വേണ്ടി 27,08,282/- രൂപയുടെ ബിൽ തയ്യാറാക്കുകയും ടി തുക കരാറുകാരന് അനുവദിക്കുന്നതിനു വേണ്ടി ഫണ്ട് അനുവദിച്ച് നൽകണമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ ഫൈനൽ ബിൽ തുകയായ 27,08,282/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി എട്ടായിരത്തി ഇരുനൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) 5055-00-800-77-00-16-NV എന്ന ശീർഷകത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ (2025-2026) വിഹിതത്തിൽ നിന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സിയുടെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ 701011400000157 എന്ന സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക്, താഴെ പറയുന്ന വ്യവസ്ഥകളോടെ അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത വ്യവസ്ഥകൾ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി ഉറപ്പാക്കേണ്ടതാണ്.

1. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരന് അധിക നിരക്ക്/തുക നൽകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

2. Measurement, Check Measurement, എന്നിവ Competent Authority തന്നെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് ഉറപ്പാക്കേണ്ടതാണ്.

3.രണ്ട് കോൺട്രാക്ടുകൾ പ്രകാരം ഉള്ള പേമെൻ്റുകളിൽ ഡ്യൂപ്ലിക്കേറ്റ് വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. Revised Estimate അംഗീകരിച്ചത് Competent Authority തന്നെയാണ് എന്ന് ഉറപ്പാക്കേണ്ടതാണ്.

5.പദ്ധതിയുടെ അന്തിമ ബിൽ തുക (final bill amount) നൽകുമ്പോൾ, പുതുക്കിയ എസ്റ്റിമേറ്റ് (revised estimate) തുകയേക്കാൾ കൂടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. ടി പ്രവൃത്തിയുടെ Termination order പുറപ്പെടുവിച്ചതിനുശേഷം ക്ലോഷർ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ്.
(07.11.2025-ലെ 22541/NC-B2/84/2014-FIN നമ്പർ പ്രകാരം)
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (E 519726)

ഉത്തരവിൻ പ്രകാരം,
Signed by
Sudheesh C P
Date: 07-01-2026 10:58:05
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.